**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 90** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഗുണ്ട- പോലീസ് അവിശുദ്ധ കൂട്ടുകെട്ടിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗുണ്ടാ സംഘങ്ങളുമായി ചില പോലീസ് ഉദ്യോഗസ്ഥർക്കുള്ള അവിശുദ്ധ കൂട്ടുകെട്ട് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. ഗുണ്ടാ സംഘങ്ങളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളതായി കണ്ടെത്തിയ പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് വകുപ്പുതല അന്വേഷണം നടത്തി വരുന്നു. |
| (ബി) | അങ്കമാലിയിൽ ഗുണ്ടാ നേതാവിന്റെ വീട്ടിലെ വിരുന്നിൽ ഡി.വൈ.എസ്.പിയും മറ്റു പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്ത സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഉണ്ട്. Operation AAG-ന്റെ തുടർച്ചയായി അങ്കമാലി പോലീസ് പരിശോധനകൾ നടത്തിവരവെ തമ്മനം ഫൈസൽ എന്ന വ്യക്തിയുടെ വീട്ടിൽ ക്രൈംബ്രാഞ്ച് ആലപ്പുഴ ഡി.വൈ.എസ്.പി. ആയിരുന്ന എം.ജി. സാബുവും ആലപ്പുഴ ജില്ലാ പോലീസിലെ പോലീസ് ഉദ്യോഗസ്ഥരായ സി.പി.ഒ. ദിപക് സി.കെ., ഡ്രൈവർ എസ്.സി.പി.ഒ. ജോളിമോൻ എസ്., ഡ്രൈവർ സി.പി.ഒ. അനീഷ് റ്റി.കെ. എന്നിവരെ സൽക്കാരത്തിൽ പങ്കു ചേർന്നതായി കാണപ്പെട്ടതിനെ തുടർന്ന് അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതാണ്. |
| (സി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | പോലീസ് ഉദ്യോഗസ്ഥർ ഗുണ്ടകളുമായി ബന്ധം പുലർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് വകുപ്പുതല അന്വേഷണം നടത്തി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. ഗുണ്ടാ/ സാമൂഹ്യവിരുദ്ധ സംഘങ്ങളുമായി കൂട്ടുകൂടാനോ ബന്ധങ്ങൾ സ്ഥാപിക്കാനോ പാടില്ല എന്ന സന്ദേശം സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ